O32:1x K0 BHAGAVADDUTU PANA

MUL
223381

BINDING BY:
MODERN BINDING WORKS,
85, HARRINGTON RD.
MADRAS-30.

കേരളസർവ്വകലാശാല

ഭാഷാഗ്രന്ഥാവലി-അങ്കം 109

# ഭഗവദ്ദൂതുപാന

120

UNIVERSITY LIBRARY
17 JAN 1962
MADRAS

പ്രസാധകൻ

കെ. രാഘവൻപിള്ള, ബി. ഏ. (ഓണേഴ്സ്)
പിഎച്ച്. ഡി. (ലണ്ടൻ)

ക്യൂറേറ്റർ

ഓറിയൻറൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി
തിരുവനന്തപുരം

1960/1135

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 35 ന. പൈ

UNIVERSITY OF KERALA

MALAYALAM SERIES

**No 109**

# BHAGAVADDŪTU PĀNA

UNIVERSITY LIBRARY
17 JAN 1962
MADRAS

EDITED BY

K. RAGHAVAN PILLAI, B. A. (HONS), PH. D. (LOND)

CURATOR
ORIENTAL MANUSCRIPTS LIBRARY
UNIVERSITY OF KERALA
TRIVANDRUM

1960/1135

*All rights reserved*] [*Price* 35 *n P.*

223381
48537

032:1x
KO

ഭാഷാഗ്രന്ഥാവലി-അങ്കം 109

# ഭഗവദ്ദൂതു പാന

UNIVERSITY LIBRARY
17 JAN 1962
MADRAS

പ്രസാധകൻ

കെ. രാഘവൻ പിള്ള, ബി. ഏ. (ഓണേഴ്സ്)
പിഎച്ച്. ഡി. (ലണ്ടൻ)

ക്യുറേറ്റർ

ഓറിയന്റൽ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി
തിരുവനന്തപുരം

1960/1135

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 35 ന. പൈ.

UNIVERSITY LIBRARY
17 JAN 1962
MADRAS

# അവതാരിക

കേരളസർവ്വകലാശാലാഹസ്തലിഖിതഗ്രന്ഥശാലയിൽനിന്നും ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന ഭഗവദ്ദൂതു പാന പാനപ്രബന്ധപ്രകാശനപരമ്പരയിൽ നാലാമത്തേതാണ്. ഗുരുദക്ഷിണപ്പാന, അധ്യാത്മവിചാരം പാന, കൃതാശപ്പാന എന്നിവയാണ് മററു മൂന്നു പ്രസിദ്ധീകരണങ്ങൾ. ഭാഷാത്രൈമാസികം എട്ടാം വാല്യം മൂന്നും നാലും ലക്കങ്ങളിൽക്കൂടി പുത്രകാമേഷ്ടിയെന്നൊരു പാനയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതോടുകൂടി ആകെ അഞ്ചു പാനപ്രബന്ധങ്ങളാണ് ഇവിടെനിന്നും പ്രകാശിപ്പിച്ചിട്ടുള്ളതു്.

മഹാഭാരതം ഉദ്യോഗപർവ്വത്തിലെ ഭഗവദ്ദൂതു തന്നെയാണ് ഈ പാനയിലെ ഇതിവൃത്തവും. മഹാകവി ഭാസന്റെ ദൂതവാക്യം എന്ന നാടകത്തിന് നാന്നൂററി എഴുപത്തി അഞ്ചു കൊല്ലങ്ങൾക്കു മുമ്പുള്ള ഒരു മലയാള തർജ്ജമ 1111-ൽ കൊച്ചീഭാഷാപരിഷ്കരണക്കമ്മററിയിൽനിന്നു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഭക്തശിരോമണിയായ നാരായണ ഭട്ടതിരിപ്പാടു് നിർമ്മിച്ചിട്ടുള്ള ദൂതവാക്യം പ്രബന്ധം പ്രസിദ്ധമാണല്ലോ. 1099 1100 എന്നീ രണ്ടു കൊല്ലങ്ങളിലെ കവനകൗമുദിയുടെ പല ലക്കങ്ങളിലായി അതിന്റെ മൂലവും ശ്രീ. ചുനക്കര ഉണ്ണിക്കൃഷ്ണ വാര്യരുടെ ഒരു തർജ്ജമയും ചേർത്തുള്ള ഒരു പ്രസിദ്ധീകരണം ഉണ്ടായിട്ടുണ്ടു്. സാഹിത്യത്തിന്റെ വിവിധശാഖകളിൽ ഈ ദൂതവാക്യ കഥ അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. ദൂതവാക്യം പ്രബന്ധത്തിൽ ഉത്തരാസ്വയംവരം മുതൽ വിശ്വരൂപദർശനംവരെയും ദൂതവാക്യം നാടകത്തിൽ പാണ്ഡുവിന്റെ ഭരണകാലം മുതൽ വിശ്വരൂപദർശനംവരെയും ഉള്ള കഥ സംഗ്രഹിച്ചിട്ടുണ്ടു്.

പാനപ്രബന്ധത്തിൽ,

> "ബന്ധുരാംഗൻ വസുദേവനന്ദനൻ
> ബന്ധമോചനൻ പണ്ടൊരു കാലത്തു
> ബന്ധുവായ വിരാടൻെറ മന്ദിരേ
> ബന്ധമെന്നിയേ വാഴും ദശാന്തരേ
> അന്ധനായ ധൃതരാഷ്ട്രൻതന്നോടു
> സന്ധിചെയ്യ വരേണം" (പുറം–1) എന്നുള്ള

ധർമ്മജാദികളുടെ അപേക്ഷപ്രകാരം സാത്യകിയോടും മററു ബ്രാഹ്മണരോടും കൂടി ശ്രീകൃഷ്ണൻ ഹസ്തിനപുരത്തിൽ പോകുന്നതായിട്ടാണു് കഥ തുടങ്ങുന്നതു്. 'വിരാടമന്ദിരേ പാർക്കുന്ന കാലത്തു്' എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും ഭട്ടതിരി അദ്ദേഹത്തിൻെറ പ്രബന്ധത്തിൽ ആദ്യമായി പ്രസ്താവിച്ചിരിക്കുന്ന കഥാഭാഗം ഇതിൽ അടങ്ങുന്നതായി തോന്നുന്നു. മൂലകഥയിൽ നിന്നും വലിയ വ്യതിയാനങ്ങളൊന്നും വരുത്താതെയാണു് ഈ കൃതി രചിച്ചിരിക്കുന്നതു് എന്നു നിസ്സംശയം പറയാം. കവി പരമഭാഗവതനാണെന്നു് വിശ്വരൂപദർശനവർണ്ണനകൊണ്ടും കർണ്ണദുര്യോധനന്മാർ ഭഗവാനെ ബന്ധിക്കുന്നതിനു കയറുമായി വരുന്ന അവസരത്തിൽ സാത്യകിയെക്കൊണ്ടു് പറയിക്കുന്ന ഭാഗം കൊണ്ടും തെളിയുന്നതാണു്.

ചേപ്പിൽ സ്വദേശിയായ ഒരു ഭക്തനാണു് ഈ കൃതി രചിച്ചിരിക്കുന്നതെന്നുള്ളതിനു്,

> "ഗൗരവത്തോടെ ചേപ്പിൽ വിളങ്ങുന്ന
> ഗൗരീദേവിയും ദക്ഷിണാമൂർത്തിയും
> ഭാരതം കൊണ്ടു പാനയായ് ചൊല്ലുവാൻ
> പാരമിന്നു തുണച്ചരുളേണമേ" (പുറം–1) ഇത്യാദി

വരികൾ തെളിവാണു്. 'ഗുരുമന്ദിരേ മേവുന്ന കൃഷ്ണനും' എന്നു പറഞ്ഞിരിക്കുന്നഭാഗത്തു് ഗുരുവായൂരപ്പനെയാണോ ഗുരുവിൻെറ

വസതിയിലെ അദ്ദേഹത്തിൻെറ ആരാധനാമൂർത്തിയായ കൃഷ്ണനെ-യാണോ സ്മരിക്കുന്നതെന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ല. അദ്ദേഹം പെരുവനത്തു പുരവൈരിയേയും ഭജിക്കുന്നുണ്ടു്.

ഈ കവിതയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനു് താഴെ ചേർത്തിരിക്കുന്ന പ്രഭാതവർണ്ണനം നോക്കുക.

"ബന്ധുരമായ ശീതാംശുമണ്ഡലം
സിന്ധുതന്നിൽ പതിച്ചൊരു നേരത്തു
കാന്തനില്ലാത്ത നാരീജനം പോലെ
കാന്തി കൂടാതെ തീർന്നു കുമുദിനി;
കാന്തമായുള്ള നക്ഷത്രശോഭയും
ശാന്തമായ്‌വന്നു സൂര്യപ്രഭകൊണ്ടു്;
സ്വാന്തമോദേന പദ്മസമൂഹവും
കാന്തിയോടേ വിരിഞ്ഞിതതുനേരം." (പുറം-7)

ശ്രീകൃഷ്ണപരമാത്മാവിൻെറ വിശ്വരൂപദർശനവും അതു പോലെ ചേതോഹരമായിരിക്കുന്നു എന്നു പറയാം.

"മിന്നൽക്കൂട്ടങ്ങൾ പോലെ സുരന്മാരെ
നന്ദിയോടങ്ങു കണ്ടുതുടങ്ങിനാൻ
പങ്കജാക്ഷൻ തൻെറ നിടിലത്തിൽ
പങ്കജാസനൻതന്നെയും കാണായി
..................................
..................................
കാരണാത്മാവുതങ്കൽ നിന്നേററവും
ക്രൂരഭാവേന വന്നതു കാണായി." (പുറം-16,17)

ഇതിൻെറ പ്രസിദ്ധീകരണത്തിനു് രണ്ടു ഗ്രന്ഥങ്ങളും ഒരു പകർപ്പും പരിശോധിച്ചിട്ടുണ്ടു് 12595 C നമ്പർ ഗ്രന്ഥവും T. M. 227-ാംനമ്പർ പകർപ്പും സർവ്വകലാശാലാമാന്യുസ്ക്രിപ്റ്റ്സ്

ലൈബ്രറിവകയാണ്. ആദർശമായി സ്വീകരിച്ചിട്ടുള്ള C. O 2201–ാം നമ്പർ ഗ്രന്ഥം, ചേപ്പിൽ ചിറവർമനയ്ക്കൽ ശ്രീ. കുഞ്ഞൻ നമ്പൂതിരിപ്പാട് അവർകളുടെവകയുമാണ്. 12595C, T. M. 227 എന്നീ മതൃകകളെ പാഠഭേദക്കുറിപ്പിന്റെ സൗകര്യത്തിനു വേണ്ടി ക, ഖ എന്നു് അടയാളപ്പെടുത്തിയിരിക്കുന്നു.

ഇതിന്റെ പ്രസിദ്ധീകരണത്തിൽ റിസർച്ച് ആഫീസ്സർ ശ്രീ. എം. മാധവൻ പിള്ളയും, അസി: റിസർച്ച് ആഫീസ്സർ ശ്രീ. എൻ. ശ്രീധരൻ നായരും എന്നെ സഹായിച്ചിട്ടുണ്ട്.

തിരുവനന്തപുരം
6–7–1960

കെ. രാഘവൻ പിള്ള
ക്യൂറേറ്റർ

# ഭഗവദ്ദൂതുപാന

(ഭാരതം പാന)

ഗുരുനാഥനും വാണിയും നമ്മുടെ
ഗുരുമന്ദിരേ മേവുന്ന കൃഷ്ണനും
പുരുകാനനം തന്നിലമരുന്ന
പുരവൈരിയു[1]മെൻഗണനാഥനും
ഗൗരവത്തോടെ ചേപ്പിൽ വിളങ്ങുന്ന
ഗൗരിദേവിയും ദക്ഷിണാമൂർത്തിയും
ഭാരതം കൊണ്ടു പാനയായ് ചൊല്ലുവാൻ
പാരമിന്നു തുണച്ചരുളേണമേ.

ബന്ധുരാംഗൻ വസുദേവനന്ദനൻ
ബന്ധമോചനൻ പണ്ടൊരു കാലത്തു
ബന്ധുവായ വിരാടന്റെ മന്ദിരേ
ബന്ധമെന്നിയേ വാഴും ദശാന്തരേ
അന്ധനായ ധൃതരാഷ്ട്രൻ തന്നോടു
[2]സന്ധിചെയ്തു വരേണമെന്നിങ്ങനെ
കുന്തിപുത്രന്മാരൊന്നിച്ചു കൃഷ്ണന്റെ
അന്തികേ ചെന്നുണർത്തിക്ക കാരണാൽ
ദന്തിമന്ദിരേ ചെന്നു നൃപേന്ദ്രന്റെ
ചിന്തിതങ്ങളറിഞ്ഞിങ്ങു പോരുവാൻ
ചെന്താർമാനിനികാന്തനൊരു ദിനം
സന്തോഷത്തോടെ യാത്ര പറഞ്ഞുടൻ
അന്തകാഭനാം സാത്യകി തന്നോടും
അന്തണരോടും കൂടി പുറപ്പെട്ടു.

---

യൂണിവേഴ്സിറ്റി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലെ 12595C നമ്പർ ഗ്രന്ഥവും/T. M. 327-ാം നമ്പർ പകർപ്പുമാണ് ഈ പ്രസിദ്ധീകരണത്തിനു് /L.O-2201-ാം നമ്പർ ഗ്രന്ഥവും ആലംബം. പാഠഭേദം കുറിയ്ക്കുന്നതിനു് ഗ്രന്ഥത്തിനു് 'ക' എന്നും പകർപ്പിനു് 'ഖ' എന്നും അടയാളം കൊടുത്തിരിക്കുന്നു.

1. യും മേൽ – 'ക'
2. ഈ വരികൾ 'ഖ' പാഠത്തിൽ മാത്രമേ ഉള്ളൂ

വിശ്വത്തിങ്കൽ പ്രസിദ്ധനായുള്ളോരു
വിശ്വകർമ്മാവു നിർമ്മിച്ചിരിക്കുന്ന
വിശ്വമോഹനമായ രഥം തന്നിൽ
വിശ്വനാഥനെഴുന്നെള്ളും നേരത്തു
അശ്വവൃന്ദങ്ങളാനപ്പടകളും
അശ്വയുക്തങ്ങളായ രഥങ്ങളും
വിശ്വാസം പൂണ്ടു വൃഷ്ണിവരന്മാരും
വിശ്വമെല്ലാം നിറഞ്ഞു പുറപ്പെട്ടു.
സോമബിംബത്തോടൊത്ത കുടകളും
കോമളങ്ങളായുള്ള തഴകളും
ചാമരങ്ങളുമാലവട്ടങ്ങളും
സീമ കൂടാതെ കാണായിതന്നേരം.
ഹേമപർവ്വതം തന്നിൽ വിളങ്ങുന്ന
ശ്യാമളമായ രത്നം കണക്കിനെ
[1]കാമമായുള്ള തേരിൽ വിളങ്ങുന്ന
കോമളാംഗനാം കൃഷ്ണനെക്കണ്ടപ്പോൾ
മാമുനിമാരും ഭൂസുരവൃന്ദവും
സാമഗാനങ്ങൾ ചെയ്തു നമിക്കയും
വാമലോചനമാരും വിരവോടെ
വാമനൻതന്നെക്കണ്ടു സുഖിക്കയും
രാമ! രാമ! മുകുന്ദ! ജനാർദ്ദന!
രാമസോദര! കൃഷ്ണ! ജയ! ജയ!
ആമോദം പൂണ്ടു ഭക്തന്മാർ[2]വന്നും
നാമകീർത്തനം ചെയ്യുന്ന ഘോഷവും
നീരദധ്വനി പോലെ മുഴങ്ങുന്ന
നീരജാക്ഷന്റെ ശാഖധ്വനികളും
വൈരിവൃന്ദങ്ങൾ ഞെട്ടുമാറുള്ളോരു
ഭൈരവമായ ഭേരീനിനാദവും

---

1. ഗമായ—ഖ. 2. രവ്വ—ക,

ധരണീതലമെല്ലാം പരന്നങ്ങു
സുരലോകത്തു ചെന്നു മുഴങ്ങിനാൻ.

കാരണാത്മാവുതാനുമതുനേരം
സ്വൈരമോടെ വ്രതസ്ഥലം പ്രാപിച്ചു
ധരണീസുരന്മാരുടെ സല്ക്കാരം
അരവിന്ദനയനനും കൈക്കൊണ്ടു

ആരണാലയമെല്ലാം കടന്നങ്ങു
വാരണപുരേ ചെല്ലുന്ന നേരത്തു
പുരുഷോത്തമൻ തന്റെ വരവതു
പുരവാസികൾ ചെന്നങ്ങറിയിച്ചു

നരവീരന്മാരായ കുരുക്കളും
നരകാന്തകൻ വന്നതറിഞ്ഞുടൻ
പരിചോടെയെതിരേററു മാനിച്ചു
പരിതോഷേണ കൂടി നടകൊണ്ടു

ധൃതിമാനായ കൃഷ്ണനവരോടും
ധൃതരാഷ്ട്രസമീപേ[1] പ്രവേശിച്ചു.
അതുനേരം നൃപതിയെഴുന്നേററു[2]
അതിമാനുഷമൂർത്തിയെപ്പൂജിച്ചു

അതിമോഹനമായ മഹാസനേ
മതിമോദമിരുത്തി വഴിപോലെ
കൃതകൃത്യനെന്നോർത്തു മഹീപതി
കുതുകേന കുശലങ്ങൾ ചോദിച്ചു

അതു കേട്ടു തെളിഞ്ഞു ഭഗവാനും
ധൃതരാഷ്ട്രനോ[3]ടേവമരുൾചെയ്തു:
താതസോദരി തന്നെയും വന്ദിച്ചു
പ്രീതനായിട്ടു നാളെ ഞാൻ വന്നിങ്ങു

ജ്ഞാതിയാകുന്ന പാർത്ഥന്റെ വാഞ്ഛിതം
നീതിയോടെ ഭവാനോടു ചൊല്ലിടാം.

---

1. പം-ഖ. 2. നീ-ക. 3. രോ-ഖ.

എന്നിവണ്ണമരുൾചെയ്തു വേഗേന
പന്നഗാസനൻ താനുമെഴുന്നള്ളി
ഖിന്നത പൂണ്ടു വാഴുന്ന കുന്തിയെ
വന്ദനം ചെയ്തു നിന്നോരനന്തരം
സുന്ദരാകൃതി പൂണ്ട മുകുന്ദന്റെ
ചന്ദ്രബിംബത്തോടൊത്ത തിരുമുഖം
നന്ദിയോടവൾ കണ്ടു സുഖം പൂണ്ടു
മന്ദഭാവേന ചൊല്ലിത്തുടങ്ങിനാൾ:

ഇന്ദിരാപതേ! നാഥ! ഭവാനെന്റെ
നന്ദനന്മാരെ രക്ഷിച്ചുകൊള്ളുക
നിന്നുടെ കൃപയുണ്ടെന്നുറച്ചു ഞാൻ
വന്നതെല്ലാം സഹിച്ചു വസിക്കുന്നു.

ദുർന്നയംകൊണ്ടു പണ്ടു സുയോധന-
നെന്നുടെ സുതന്മാരെയും വഞ്ചിച്ചു
നിന്ദിച്ചുമ്പോടു കാട്ടിലയച്ചതും
സുന്ദരാകൃതേ! നീയുമറിഞ്ഞതല്ലോ.[1]

ധന്യരായ സുതന്മാരൊടൊത്തു ഞാ-
നെന്നൊരു കാലം വാഴുന്നു ദൈവമേ!
എന്നിവണ്ണം പറഞ്ഞു കരയുമ്പോ-
ളിന്ദ്രസോദരനേവമരുൾചെയ്തു:

ദൈന്യമാശു കളക മനോഹരേ!
മാന്യരായ സുതന്മാരെയോക്കെടോ
ഇന്നു നമ്മുടെ ഫല്ഗുനൻ കോപിച്ചാ-
ലിന്ദുശേഖരൻ പോലും ഭയപ്പെടും.

മന്നിടങ്ങളഖിലം ജയിപ്പതി-
നുന്നതനായ ഭീമനും പോരുമേ
എന്നതുകൊണ്ടു ഗാന്ധാരിപുത്രരെ
കൊന്നൊടുക്കുവാനെന്തൊരു വൈഷമ്യം?

ഒന്നുകൊണ്ടും വിഷാദിക്ക വേണ്ട നീ
വന്നുകൂടും മനോരഥമാകവേ.

---

1. നീയു-ഖ

നന്ദനന്ദനൻ ദുഃഖങ്ങളിവണ്ണം
നന്ദിയോടെ പറഞ്ഞു കളഞ്ഞുടൻ

പാർത്ഥിവന്മാരെക്കൊണ്ടു നിറഞ്ഞുള്ള
ധാർത്തരാഷ്ട്രസഭാന്തരം പ്രാപിച്ചു
സത്തമനായ കൃഷ്ണനെക്കണ്ടപ്പോ-
ളുത്ഥാനം ചെയ്തു കൗരവനന്ദനൻ.

ഉത്തമാസനം നല്കി വിരവോടെ
സത്വരം ബഹുമാനിച്ചിരുത്തിനാൻ
ചിത്തമോദേന തങ്ങളിലോരോരോ
വൃത്താന്തങ്ങൾ പറഞ്ഞാരനന്തരം

മർത്ത്യരൂപം ധരിച്ചോരു കൃഷ്ണനോ-
ടിത്ഥമൊന്നു പറഞ്ഞു സുയോധനൻ:
സാത്വതാധിപനായ ഭവാനിന്നു
സാത്യകിയോടുമന്തണന്മാരൊടും

അത്തലെല്ലാമൊഴിച്ചു വിരവോടെ
അത്താഴം[1] കഴിഞ്ഞിങ്ങു വസിച്ചാലും.
ഇത്തരമുരചെയ്തതു കേട്ടതി-
നുത്തരമരുൾ[2]ചെയ്തു ജഗന്നാഥൻ:

പാർത്ഥന്മാരെന്റെ പ്രാണങ്ങളെന്നതും
തീർത്തുചൊല്ലീടാമില്ലൊരു സംശയം
ധാർത്തരാഷ്ട്ര! നീ വഞ്ചിച്ചവരുടെ
പാർത്തലത്തെയടക്കിയതോർക്കുമ്പോൾ

ശത്രുവല്ലയോ നിയ്യിന്നു[3] നമ്മുടെ
മിത്രമല്ലെന്നു[4] കേൾക്കുന്നു ഞാനഹോ[5]
ശത്രു നല്ലൊരു ഭോജനം തന്നാലും
ചിത്രമല്ലെന്നു വിശ്രുതമല്ലയോ?

ഇത്രമാത്രമല്ലാദരവില്ലെന്നും
ക്ഷത്രിയാത്മജൻ താനമറികയാൽ

---

1. ച്ചി-ഖ 2. മുര-ഖ 3. നീയാ-ഖ 4. റയ്ക്കുന്നു-ഖ 5. നെടോ-ഖ

അത്ര നിന്നു ഗമിക്കുന്നു നമ്മുടെ
മിത്രമായ വിദുരൻെറ മന്ദിരേ.

പത്രിവാഹനനേവമരുൾചെയ്തു
തത്ര നിന്നു ഗമിച്ചു തെളിവോടെ
ഗാത്രശോഭ[1]കൊണ്ടെല്ലാ ജനങ്ങൾക്കും
നേത്രാനന്ദം വരുത്തി നടകൊണ്ടു.

സ്വൈരമോടെ വിദുരൻെറ സന്നിധൌ
സാരസേക്ഷണൻ ചെന്നോരനന്തരം
തരുണാംബുദസന്നിഭമായൊരു
തിരുമേനിയെക്കണ്ടു വിദുരനും.

പരമാനന്ദം പൂണ്ടു വിധി പോലെ
പരമാത്മാവു തന്നെയും പൂജിച്ചു
പരിചോടെ കുശലങ്ങൾ ചോദിച്ചു
പരമാ[2]ന്നവും മോദേന നൽകിനാൻ.

[3]ആദരത്തോടടുത്തൊരു ഭോജന-
മാദിനായകൻ കൈക്കൊണ്ടു രാത്രിയിൽ
മേദിനീസുരന്മാരോടൊരുമിച്ചു
മോദമോടെ ഭുജിച്ചൊരു നേരത്തു

ബാദരായണപുത്രൻ വിദുരനും
പാദസേവനം ചെയ്തു പറഞ്ഞുതേ:
മേദിനീപതേ കൃഷ്ണ! ഭവാനിന്നു
സാദരമെഴുന്നള്ളുക കാരണാൽ

ഖേദമെല്ലാമകന്നു വഴിപോലെ
മോദമാശു വളരുന്നു മാനസേ
വേദമായതും വേദജ്ഞനായതും
വേദിതവ്യമായുള്ളൊരു വസ്തുവും.

യാദവേന്ദ്ര! ഭവാനെന്നു നിത്യവും
വേദവാദികൾ ഘോ[4]ഷണം ചെയ്യുന്നു

1. ക.ക 2. ന്ന-ഖ 3. രേണകൊടുത്തൊരു-ഖ 4. ഷിച്ചുക

അന്തകാന്തകനിന്ദ്രൻ വിരിഞ്ചനും
ചെന്താർമാനിനിതാനും ഭജിക്കുന്ന
നിന്തിരുവടിതന്റെ [1]പാദാംബുജം
സന്തതം മമ ചിത്തേ വിളങ്ങണം
അന്ധതകൊണ്ടു ചൊല്ലുന്നതൊക്കെയും
ഋന്തകേശ! സഹിച്ചരുളേണമേ.

ബന്ധുവായ വിദുരന്റെ ഭാഷിതം
ബന്ധനാശനനിങ്ങനെ കേട്ടപ്പോൾ
സന്തോഷം പൂണ്ടു മാനിച്ചവനോടും
സന്തതം പല ധൎമ്മം നിരൂപിച്ചു.

കുന്തിപുത്രനു രാജ്യം കൊടുപ്പിച്ചു
സന്താപങ്ങളൊഴിപ്പാനുപായവും
ചിന്തിച്ചോരോരോ മാൎഗ്ഗമുരചെയ്തു
ചന്തമോടെ ശയിച്ചോരനന്തരം,

ബന്ധുരമായ ശീതാംശുമണ്ഡലം
സിന്ധുതന്നിൽ പതിച്ചൊരു നേരത്തു
കാന്തനില്ലാത്ത നാരീജനം പോലെ
കാന്തി കൂടാതെ തീൎന്നു കുമുദിനി;

കാന്തമായുള്ള നക്ഷത്രശോഭയും
ശാന്തമായ്വന്നു സൂൎയ്യപ്രഭകൊണ്ടു്;
സ്വാന്തമോദേന പത്മസമൂഹവും
കാന്തിയോടേ വിരിഞ്ഞിതതുനേരം.

അന്താ കൂടാതെ മോഹിച്ചു പക്ഷികൾ
അന്തരീക്ഷം നിറഞ്ഞു പുറപ്പെട്ടു
അന്ധകാരം കുറഞ്ഞു വഴിപോലെ
സന്ധ്യാവന്ദനകാലവും വന്നുതേ.

ധാത്രീപാലകനായ ജനാൎദ്ദനൻ
രാത്രിശേഷം കഴിഞ്ഞതറിഞ്ഞപ്പോൾ

---

1. പ-ഖ.

ശ്രോത്രിയന്മാരോടൊന്നിച്ചു തന്നുടെ
ഗാത്രശ്ശുദ്ധി വരുത്തി വഴിപോലെ,

മിത്രദേവനെ വന്ദിച്ചനന്തരം
മിത്രമായ വിദുരനുമൊന്നിച്ചു
ചിത്രഭാനുപ്രകാശമായുള്ളൊരു
ചിത്രമായ കിരീടം ധരിച്ചുടൻ,

ഛത്രചാമരഭൂഷിതനായവൻ
തത്ര നിന്നു പുറപ്പെട്ടു വൈകാതെ
ശത്രുതാപനമായ രഥം തന്നിൽ
എത്ര ചിത്രമെഴുന്നള്ളി നിന്നപ്പോൾ!

തുംഗമായ കൊടിതന്നിലേററവും
ഭംഗി പൂണ്ടു ഗരുഡനും വന്നുടൻ
മംഗലമായ ഭാസ്കരബിംബത്തോ-
ടംഗസംഗമം ചെയ്തു വിളങ്ങിനാൻ.

അംഗജനുസമാനൻ സുയോധനൻ
അംഗരാജനോടൊന്നിച്ചതു നേരം
ഭംഗമെന്നിയേ കൃഷ്ണനെക്കണ്ടങ്ങു
മംഗലമോടെ കൂടെപ്പുറപ്പെട്ടു.

[1] ധീരധീരനാം സാത്യകിവീരനും
ശൂരനായ ഭടന്മാരുമൊന്നിച്ച്
വൈരികൾക്കങ്ങു ഭീതി ജനിപ്പിച്ചു
സ്വൈരമോടെ പുറപ്പെട്ടു ചെന്നുതേ.

[2] ചെന്നു ദാരുകനും തെളിഞ്ഞന്നേരം
തേരു നന്നായ് തെളിച്ചോരനന്തരം
വാരിജേക്ഷണൻ ശംഖം വിളിച്ചങ്ങു
പാരിലെല്ലാം മുഴക്കി നിനാദങ്ങൾ.

---

1. ഈനാലുവരികൾ ഖ. പാഠത്തിൽ മാത്രമേ ഉള്ളൂ.
2. ദാരുകനും. തെളിഞ്ഞുടനന്നേരം—ഖ.

പൗരന്മാരോടുമൊന്നിച്ചു ചെന്നുടൻ
കൗരവേന്ദ്രൻെറ മന്ദിരം പ്രാപിച്ചു.
ചാരുശോഭ[1] കലൎന്ന സഭ തന്നിൽ
കാരുണ്യാംബുധി ചെല്ലുന്ന നേരത്തു
കുരുവൃദ്ധനോടൊത്തു ധൃതരാഷ്ട്രൻ
ഉരുവേഗമെഴുന്നേററു[2] മോദേന
പരമാനന്ദമൂൎത്തിയെപ്പൂജിച്ചു
പരമാസനം തന്നിലിരുത്തിനാൻ.
നാരദാദി മുനികളുമൊന്നിച്ചു
നീരജാക്ഷനെ കണ്ടു വണങ്ങുവാൻ
പാരമുള്ളിൽ കുതുഹലം പൂണ്ടങ്ങു
വാരണാപുരം പ്രാപിച്ചതു നേരം
ഇന്ദുവംശശിഖാമണി ഭീഷ്മരും
മന്ദിരം തന്നിൽ വന്ന മുനികളെ
വന്ദിച്ചാശു വിധിപോലെ പൂജിച്ചു
നന്ദിച്ചാസനസല്ക്കാരം ചെയ്തുതേ.
നന്ദനന്ദനനായ മുകുന്ദൻെറ
മന്ദഹാസം കലൎന്ന മുഖാംബുജം
നന്ദിപൂണ്ടങ്ങു കണ്ടുടൻ മാമുനി-
വൃന്ദമേററം തെളിഞ്ഞു വസിച്ചുതേ.
തണ്ടാർമാനിനീകാന്തനമന്നേരം
കൊണ്ടാടീട്ടം നൃപനോടരുൾചെയ്തു
പണ്ടു പണ്ടു ഭവാനുടെ വംശത്തിൽ
ഉണ്ടായ്വന്ന നൃപന്മാരശേഷവും
കുണ്ഠഭാവം വെടിഞ്ഞങ്ങു തങ്ങളിൽ
ശണ്ഠക്കൂടാതെ രാജ്യങ്ങൾ രക്ഷിച്ചു
രണ്ടെന്നുള്ളൊരു ഭാവമുപേക്ഷിച്ചു-
കൊണ്ടു വാണതു വിശ്രുതമല്ലയോ?

1. ന്ന-ക, 2. നീ-ക.

UNIVERSITY LIBRARY
26 APR 1967
223381
48537
032:1x

ദുർമ്മദം കൊണ്ടു നിന്റെ സുതനിന്നു
നിർമ്മലനായ ധർമ്മജനൊന്നിച്ചു
ധർമ്മമെന്നിയേ ചൂതു കളിക്കയാൽ
ധർമ്മരാജൻ പരാജിതനായപ്പോൾ
മർമ്മഭേദങ്ങളായുള്ള വാക്യങ്ങൾ
ദുർമ്മുഖനും പറഞ്ഞതു കേട്ടവൻ
കർമ്മപാകമിതെന്നു വിചാരിച്ചു
നിർമ്മലാംഗനാം പാണ്ഡവപുംഗവൻ

മാനിനീമണിപാഞ്ചാലി തന്നോടും
മാനമുള്ള സഹജരുമൊന്നിച്ചു
ആനനം മറച്ചാനന്ദഹീനനായ്
കാനനം തന്നിൽ ചെന്നങ്ങകം പുക്കു
സ്നാനതർപ്പണം ചെയ്തു വിധി പോലെ
പാനഭോജനമെല്ലാമുപേക്ഷിച്ചു
ദീനബന്ധുവെന്നാകിലും ധർമ്മജൻ
ദീനനായിച്ചമഞ്ഞു നടകൊണ്ടു
മാനസം തന്നിലീശനെ ധ്യാനിച്ചു
മൗനമോടേ സമയം കഴിച്ചവൻ
മാനവേന്ദ്രനാം മാത്സ്യനെ പ്രാപിച്ചു
മാനമെന്നിയേ വാണതറിഞ്ഞല്ലോ.
ഖിന്നനായവൻ നിന്നെയും മാനിച്ചു
വന്ന ദുഃഖങ്ങളെല്ലാം സഹിക്കുന്നു
മന്നിലെല്ലാം[1] ജനങ്ങളിതുകൊണ്ടു
നിന്നേക്കൂടി[2]ക്കുറവും പറയുന്നു.

എന്നതു കൊണ്ടു താമസം കൂടാതെ
മന്നവേന്ദ്രനാം ധർമ്മതനുജനെ[3]
ഇന്നു തന്നെ വരുത്തി നീ രാജ്യത്തി-
നൊന്നു[4]പാതി കൊടുത്തവനൊന്നിച്ചു്

1. ല്ലാം-ഖ 2. വു-ഖ 3. നു-ഖ 4. ലൊം-ഖ

ഇക്ഷിതിതലമെല്ലാം വഴിപോലെ
രക്ഷിച്ചീടുക വേണം മഹാമതേ!
പക്ഷിവാഹനൻ സാമങ്ങളിങ്ങനെ
പക്ഷപാതങ്ങൾ കൂടാതെ ചൊന്നപ്പോൾ
അക്ഷിതീശതനയൻ സുയോധനൻ
അക്ഷികളുമുരുട്ടി മിഴിച്ചുടൻ

അക്ഷരനായ കൃഷ്ണനോടായവൻ
അക്ഷണമുരചെയ്തു തുടങ്ങിനാൻ:
കൊണ്ടൽവർണ്ണ! ഭവാനിന്നു ഞങ്ങളെ-
ക്കൊണ്ടു ദൂഷണമെന്തിനു ചൊല്ലുന്നു?
പണ്ടു കുന്തി വനത്തിൽ വസിക്കുമ്പോൾ
ഇണ്ടൽ പൂണ്ടൊരു പാണ്ഡുനൃപേന്ദ്രനെ
ചെണ്ട കൊട്ടിച്ചു തെണ്ടി നടന്നവൾ
കണ്ടവരോടങ്ങൊത്തു രമിക്കയാൽ
ഉണ്ടായുള്ള സുതന്മാർക്കു രാജ്യത്തി-
ലുണ്ടായീടുമോ സംബന്ധമല്പവും?
വാട്ടമെന്നിയേ നമ്മുടെ ഭാഷിതം
കേട്ടുകൊള്ളുക യാദവപുംഗവ!
നാട്ടിലിന്നൊരു സൂചിപ്പഴുതു ഞാൻ
ചേട്ടകൾക്കു കൊടുക്കുന്നതില്ലഹോ!
കൂട്ടത്തോടെ പുറപ്പെട്ടു പാർത്ഥന്മാർ
കാട്ടിലങ്ങു നടന്നു കഴിയണം.
നാട്ടിലെങ്ങാനും കണ്ടാലവർക്കൊരു
കോട്ടമിങ്ങു വരുത്തും സുയോധനൻ.
ഇത്തരം പല വാക്കു പറഞ്ഞവൻ
ചിത്തകോപേന വാഴുന്ന നേരത്തു്
ഉത്തമനായ കൃഷ്ണനും കോപമോ-
ടുത്തരമരുൾചെയ്തു തുടങ്ങിനാൻ.

പാർത്ഥനായ യുധിഷ്ഠിരനല്ലാതെ
പാർത്ഥിവേന്ദ്രത്വമുണ്ടോ നിനക്കിന്നു?

പാൎത്ഥന്മാരുടെ വിക്രമമൊക്കെയും
പാൎത്തറിയാതെ നിന്ദിക്ക വേണ്ടെടോ!
പല്ലവാധരി പാഞ്ചാലി തന്നുടെ
ചൊല്ലെഴുന്ന സ്വയംവരേ ഫല്ഗുനൻ

വില്ലെടുത്തു കുലച്ചങ്ങു ലാക്കിനെ
നല്ലവണ്ണം മുറിച്ചു പതിപ്പിച്ചു്
മല്ലലോചന തന്നെയും കൈക്കൊണ്ടു
മെല്ലെ മെല്ലെ നടന്നൊരു നേരത്തു

കല്യനായൊരു നിന്നുടെ കണ്ണനും
ശല്യരാദികളെല്ലാമൊരുമിച്ചു്
നില്ല നില്ലെന്നു ചൊല്ലിയടുത്തപ്പോൾ
ശല്യജാലം പ്രയോഗിച്ചു വൈകാതെ

അല്ലലേററം വരുത്തി ധനഞ്ജയൻ
ഉല്ലാസത്തോടെ പോയതുമോൎക്കെടോ!
ഖാണ്ഡവപ്രസ്ഥം തന്നിൽ വസിക്കുമ്പോൾ
ഖാണ്ഡവദാഹേ വന്ന സുരേന്ദ്രനെ

ഗാണ്ഡീവം കൊണ്ടു മണ്ടിച്ചയച്ചതും
പാണ്ഡവനായ ഫല്ഗുനനല്ലയോ?
കുണ്ഡലീധരൻ തന്നോടു പോർചെയ്തു
ദണ്ഡമെന്നിയേ ബാണം ലഭിച്ചതും

വിണ്ണവർപുരേ വാഴുന്ന കാലത്തു
ചണ്ഡരായുള്ള ദൈത്യരെക്കൊന്നതും
ഘോഷയാത്രയിൽ ഗന്ധർവ്വരാജനും
രോഷത്തോടേ ഭവാനെപ്പിടിച്ചങ്ങു

പ്രേഷണം ചെയ്തു ബന്ധിച്ചു കൊണ്ടവൻ
ഘോഷത്തോടേ പുറപ്പെട്ടനേരത്തു
ഏഷണി പറഞ്ഞീടുന്ന കണ്ണനും
തോഷമെന്നിയേ മണ്ടിത്തിരിച്ചപ്പോൾ

ഭീഷണനായ പാൎത്ഥന്റെ വിക്രമം
ഭോഷനായ ഭവാനും മറന്നിതോ?
ദുൎജ്ജനങ്ങളായീടുന്ന നിങ്ങളും
അൎജ്ജുന[1]നോടിതുകാലമാഹവേ

നിൎജ്ജിതരായി മാത്സ്യന്റെ ഗോക്കളെ
വൎജ്ജിച്ചങ്ങു നടന്നതുമോൎക്കെടോ?
അൎജ്ജുനന്റെ പരാക്രമമോൎക്കുമ്പോൾ
നിൎജ്ജരേന്ദ്രനും ഭീതി ജനിച്ചീടും

ദുൎജ്ജയന്മാരാം പാണ്ഡവന്മാരെ നീ
തൎജ്ജനം ചെയ്തതെത്രയുമത്ഭുതം
കുന്തീപുത്രനായീടുന്ന ഭീമനും
അന്തം കൂടാതെ ചെയ്ത പരാക്രമം

എന്തിനിന്നു ഞാൻ ചൊല്ലുന്നതൊക്കെയും
ചിന്തിച്ചാലങ്ങു തോന്നീടും വൈകാതെ.
അന്തകാന്തകൻ തന്നോടു സന്ധിച്ചു
സന്തതം വസിച്ചീടുക നല്ലതു

അന്തരംഗത്തിൽ ബോധിച്ചതില്ലെങ്കിൽ
അന്തകാലമടുത്തു സുയോധനാ!
കുന്തീപുത്രൻ ധനഞ്ജയൻ കോപിച്ചു
ചന്തമോടങ്ങു നമ്മോടൊരുമിച്ചു

അന്തികേ ചെന്നു കൎണ്ണനെക്കൊന്നുടൻ
അന്തകന്റെ പരാക്രമം കാട്ടീടും
നിദ്ര കൂടാതെ കോപിച്ചിരിക്കുന്ന
രുദ്രതുല്യപരാക്രമൻ ഭീമനും

വിദ്രുതം വന്നു സൈന്യം തകൎത്തി-
ക്ഷുദ്രനായൊരു ദുശ്ശാസനനോടും
വിഗ്രഹം ചെയ്തു മൎദ്ദിച്ചവനുടെ
വിഗ്രഹം പിളൎന്നാശു കരംകൊണ്ടു

---

1. നാലി-ഖ

വ്യഗ്രമെന്നിയെ ചോര കുടിച്ചവ-
നുഗ്രരൂപം ധരിച്ചു ഗദയുമായ്
അഗ്രേ വന്നു ഭവാനെയും വൈകാതെ
നിഗ്രഹിച്ചീടുമില്ലൊരു സംശയം

അന്നു വന്ന നൃപന്മാരശേഷവും
ഒന്നിച്ചാശു നശിച്ചീടും നിൎണ്ണയം.
എന്നിവണ്ണമരുൾചെയ്തു വാക്കുകൾ
മന്നവേന്ദ്രനും കേട്ടു ഭയപ്പെട്ടു

ധന്യരായ മുനികളുമൊന്നിച്ചു
ഖിന്നനായിട്ടു താനും പറഞ്ഞുതേ.
മാന്യനായ മുകുന്ദനോടിന്നു നീ
ചൊന്ന വാക്കുകൾ നല്ലതല്ലേതുമേ

അൎദ്ധരാജ്യം കൊടുപ്പാൻ മടിയെങ്കിൽ
വൎദ്ധിച്ചീടും കലഹങ്ങളേററവും
ക്രുദ്ധരായിട്ടു പാൎത്ഥന്മാർ വന്നിങ്ങു
യുദ്ധം ചെയ്തു വിനാശം വരുത്തീടും

സ്പൎദ്ധകൊണ്ടുള്ള ദോഷങ്ങളൊക്കെയും
ബുദ്ധികൊണ്ടു വിചാരിച്ചറിഞ്ഞു നീ
ശുദ്ധനാകുന്ന പാൎത്ഥനു രാജ്യവു-
മൎദ്ധിച്ചങ്ങു കൊടുത്തു വിരവോടെ

വൃദ്ധന്മാരായ ഞങ്ങളുമൊന്നിച്ചു
വൃദ്ധിപൂണ്ടുള്ള രാജ്യങ്ങൾ രക്ഷിച്ചു
നിൎദ്ധനന്മാൎക്കു ദാനങ്ങൾ ചെയ്തിങ്ങു
ബദ്ധമോദം വസിക്കുക വേണമേ.

അൎദ്ധകാമങ്ങളേററവും മോഹിച്ചു
വ്യൎത്ഥമാക്കിക്കളകൊല്ല ജീവിതം.
ഇത്ഥമെല്ലാം പറഞ്ഞതു കേട്ടപ്പോൾ
ഉത്ഥാനം ചെയ്തു കോപിച്ചു കൗരവൻ

സത്വരം നിജബന്ധുക്കളൊന്നിച്ചു്
പത്തനം തന്നിൽ ചെന്നു വിചാരിച്ചു
അത്തൽ പൂണ്ടു വസിക്കുന്ന നേരത്തു
ചിത്തമോഹേന മാതുലൻ ചൊല്ലിനാൻ:

സന്ധി മോഹിച്ചു വന്നൊരു മാധവ-
നന്ധനേയും പറഞ്ഞു ഫലിപ്പിച്ചു
ബന്ധുവർഗ്ഗങ്ങളൊന്നിച്ചു നമ്മെയും
ബന്ധിപ്പാനിങ്ങു വന്നീടും മുന്നമേ

ബന്ധുരാംഗനായീടുമവനെയും
ബന്ധിച്ചീടണമെന്നു പറഞ്ഞപ്പോൾ
അന്ധരായിട്ടു ബോധിച്ചവരെല്ലാം
അന്ധകേശന്റെ വിക്രമമോർക്കാതെ

പാശഹസ്തന്മാരായിട്ടു ചെല്ലുമ്പോൾ
ആശു കണ്ടങ്ങു സാത്യകി കോപിച്ചു
കേശവന്റെ സമീപം പ്രവേശിച്ചു
ക്ലേശമെന്നിയേ ചൊല്ലിത്തുടങ്ങിനാൻ:

പശുബുദ്ധികളായ കുരുക്കളും
പശുപാലനെന്നോർത്തു ഭവാനെയും
പാശം കൊണ്ടു പിടിച്ചങ്ങു ബന്ധിപ്പാ-
നാശയോടേ വരുന്നുണ്ടു കേശവ!

സത്യകനേവം ചൊന്നതു കേട്ടങ്ങു
സത്യരൂപനും കോപിച്ചു നേരത്തു്
സത്യശീലന്മാരായ നൃപന്മാരും
സത്വഹീനന്മാരായിച്ചമഞ്ഞുതേ.

സത്യസന്ധൻ വിദുരനുമന്ധനും
ചിത്തവിഭ്രമം പൂണ്ടു ജനനിയും
മത്തനായ സുയോധൻതന്നോടു-
മിത്തരം ചില വാക്കു പറഞ്ഞുതേ.

കാലകാലന്റെ വിക്രമമുള്ളൊരു
നീലവണ്ണനെ ബന്ധിപ്പാനാരുള്ളൂ
ബാലത കൊണ്ടു നിങ്ങൾ മുകുന്ദന്റെ
ചാലവേ ചെന്നു നിന്നാകിലന്നേരം

ജ്വലിച്ചീടുന്നൊരഗ്നിയിൽ ചെ[1]ന്നുള്ള
ശലഭങ്ങളെപ്പോലെ നശിച്ചീടും
പല വാക്കുകളേവം പറഞ്ഞിട്ടും
ഫലമില്ലാതെ വന്നു ഭവിച്ചുതേ.

മന്ദനായ സുയോധനൻ കോപിച്ചു
മന്ദമെന്നിയേ കണ്ണനോടൊന്നിച്ച്
തന്നെത്താനും മറന്നു മുകുന്ദന്റെ
സന്നിധി തന്നിൽ ചെന്നൊരു നേരത്ത്

ഇന്ദുബിംബപ്രകാശനായീടുന്നോ
രിന്ദ്രസോദരൻ കോപിച്ചു ചൊല്ലിനാൻ
മന്നവാധമ! കൗരവനന്ദന!
നന്നു നന്നു നീ ഭാവിച്ചതൊക്കെയും

ഇന്നു ഞാനൊരു ബന്ധുക്കൾ കൂടാതെ
വന്നതെന്നു നിനയ്ക്കുക വേണ്ടെടോ!
ഉന്നതരായ പാണ്ഡുസുതന്മാരും
ധന്യരായുള്ള വൃഷ്ണിവീരന്മാരും

എന്നുവേണ്ടാ സുരന്മാരശേഷവും
ഒന്നിച്ചിങ്ങു വസിക്കുന്നു കണ്ടാലും.
ഇന്ദിരാകാന്തനേവമരുൾചെയ്തു
മന്നിൽ നിന്നുടനൊന്നു ഹസിച്ചപ്പോൾ

അന്നു കണ്ടൊരു വിസ്മയമൊക്കെയും
പന്നഗേന്ദ്രനും ചൊൽവാൻ പണിയത്രേ
മിന്നൽക്കൂട്ടങ്ങൾ പോലെ സുരന്മാരെ
നന്ദിയോടങ്ങു കണ്ടുതുടങ്ങി[2]നാൻ
പങ്കജേക്ഷണൻ തന്റെ നിടിലത്തിൽ
പങ്കജാസനൻ തന്നെയും കാണായി.

---

1. പറഞ്ഞിട്ടും—ഖ 2. ർ—ഖ

തങ്കഴൽക്കു വണങ്ങുന്നവരുടെ
സങ്കടങ്ങളൊഴിച്ചരുളീടുന്ന
ശങ്കരനേയും ശോഭിച്ച മാറത്തു
കിങ്കരന്മാരോടൊന്നിച്ചു കാണായി,
ശങ്ക നൽകുന്ന ശംഖചക്രങ്ങളും
തങ്കശോഭം കലൎന്ന ഗദകളും .

പങ്കജങ്ങളും ചാപസമൂഹവും
തിങ്കൾപോലെ വിളങ്ങുമസികളും
തങ്കരങ്ങളിലേററവും കോപിച്ചു
ഹുങ്കാരത്തോടു തുള്ളുന്ന കാണായി,

ദിവ്യരൂപൻ ഫലകയ്യിൽനിന്നങ്ങു
സവ്യസാചിയും വന്നതു കാണായി,
സവ്യമായ ഭുജമതിൽ നിന്നുട
നവ്യയനായ രാമനെക്കാണായി,

ദേവദേവൻ തിരുമുഖത്തിങ്കേന്നു
പാവകനും ജ്വലിക്കുന്ന കാണായി,
ദേവസംഘവും വിദ്യാധരന്മാരും
ദേവവൈരികളായുള്ള ദൈത്യരും.

ധീരനായ യുധിഷ്ഠിരൻ ഭീമനും
വീരരായ യദുപ്രവരന്മാരും
കാരണാത്മാവു തങ്കൽ നിന്നേററവും
ക്രൂരഭാവേന വന്നതു കാണായി,

വാരിജേക്ഷണൻ കോപിച്ച നേരത്തു
വാരിരാശി കലങ്ങി മറിഞ്ഞുതേ.
സുരവാദ്യങ്ങളേററവും ഘോഷിച്ചു
വിരവോടെ കുസുമങ്ങൾ വൎഷിച്ചു
കുരുരാജന്റെ ധൈൎയ്യത്തോടൊന്നിച്ചു
ധരണീതലമേററം കുലുങ്ങിനാൻ
ദുഷ്ടരായ നൃപന്മാൎക്കശേഷവും
ദൃഷ്ടികളുമടഞ്ഞുപോയന്നേരം

നഷ്ടി വന്നീടും ജീവനെന്നോർത്തവർ
തുഷ്ടി കൂടാതെ പേടിച്ചു നിന്നുതേ.
ശിഷ്ടനായൊരു സഞ്ജയൻ ദ്രോണനും
ഇഷ്ടനായ വിദുരനും ഭീഷ്മരും[1]
വിഷ്ടപം തന്നിലുള്ള മുനികളും
തുഷ്ടിയോടേ വണങ്ങി സ്തുതി ചെയ്തു:

പാഹി പാഹി ഭയങ്കര! പാഹിമാം
പാഹി പാഹി കൃപാനിധേ! പാഹി മാം
മോഹനമായ നിന്നുടെ മായയാ
മോഹിച്ചീടുന്നു വിശ്വമഖിലവും

അഹമെന്നൊരഭിമാനം കൊണ്ടു നിൻ-
മഹിമാനമറിയാതെ ഞങ്ങളും
ബഹുദുഷ്കൃതം ചെയ്യുന്നതൊക്കെയും
ബഹുരൂപ! സഹിച്ചരുളേണമേ

അഹിരൂപം ധരിച്ചു ജഗത്തിനെ
വഹിച്ചീടുന്ന നാഥ! ഭവാനിന്നു
ദഹിച്ചീടൊല്ലാ ലോകമിതുമൂലം
നഃഹിച്ചീടുക കോപം നമോസ്തു തേ.

ഇത്ഥമെല്ലാം സ്തുതിക്കുന്ന ഘോഷങ്ങൾ
സത്വരമങ്ങു കേട്ടു ധൃതരാഷ്ട്രൻ
നിത്യനായ മുകുന്ദനെക്കാണ്മതി-
നുൾത്തളിരിങ്കൽ കാമിക്ക കാരണാൽ

സത്തമനായ കൃഷ്ണൻ തെളിഞ്ഞുട-
നുത്തമമായ നേത്രം കൊടുത്തപ്പോൾ
അത്തലെല്ലാമകന്നു ജനേശ്വരൻ
ചിത്തമോദേന കണ്ടു സ്തുതിച്ചുതേ:

ആദിനാഥ! ജഗന്നാഥ! പാലയ
യാദവേന്ദ്രശിഖാമണേ! പാലയ!

---

1. നം-ഖ

ആദരം പൂണ്ടു ഞാൻ ഭവനുടെ
പാദപദ്മങ്ങൾ കണ്ടു കൃതാർത്ഥനായ്;
ഖേദഭാവമകന്നുടനേതുമേ
ഖേദമെന്നിയേ താനൊന്നു ചൊല്ലുന്നു,

വേദമൂർത്തേ! ഭവാനെന്റെ നേത്രങ്ങൾ
സാദരം മറച്ചീടുക വേണമേ
ചിത്പ്രകാശത്തെ കണ്ടോരിനിക്കിതി
ലപ്രമൊന്നുമേ കാണുക വേണ്ടഹോ!

ഇപ്രകാരം പറഞ്ഞതു കേട്ടപ്പോൾ
അപ്രകാരം ഭവിക്കെന്നരുൾചെയ്തു.
സ്വപ്രഭാവങ്ങളെല്ലാമതുനേരം
ക്ഷിപ്രമങ്ങു മറച്ചു വിരവോടെ

അപ്രമേയനും യാത്ര പറഞ്ഞുടൻ
അപ്രദേശത്തുനിന്നു പുറപ്പെട്ടു
കുന്തിഭോജന്റെ നന്ദിനിയാകിയ
കുന്തിദേവിയെപ്പിന്നെയും വന്ദിച്ചു

ചന്തമോടെ പലതുമുരചെയ്തു
സന്താപം തീർത്തു പോകുന്ന നേരത്തു
അന്തികം തന്നിൽ വന്നൊരു കണ്ണനെ
തന്തിരുവടി സാദരം മാനിച്ചു

ചിന്തിതങ്ങളഖിലമരുൾചെയ്തു
സന്തോഷത്തെ വരുത്തി നടകൊണ്ടു
അന്തണേന്ദ്രനാമശ്വത്ഥാമാവോടും
മന്ത്രിച്ചാശു നരദേവദേവനും

അതിവേഗം പുറപ്പെട്ടു ചെന്നങ്ങു
മതിമാനായ പാർത്ഥനെക്കണ്ടുടൻ
മതിഹീനന്മാരായ കുരുക്കടെ
മതമെല്ലാമരുൾചെയ്തു മാധവൻ

നീതിമാനായ സാത്യകി തന്നോടും
പ്രീതരായുള്ള പാണ്ഡവന്മാരോടും
വീതശോകം വിരാടപുരം തന്നിൽ
ജാതമോദമിരുന്നരുളീടിനാൻ.

223381
48537
032 :1x
KO
UNIVERSITY LIBRARY
26 APR 1967

032:1x KO BHAGAVADDUTU PANA

Indic Digital Archive Foundation
gpura.org